LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിനു കീഴിലുള്ള ഭൂമി

204 (571) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനു കീഴിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ ഏത് സ്ഥാപനം, എത്ര ഭൂമി എന്നീ വിവരങ്ങൾ സഹിതം നൽകുമോ ;

(സി) ഉപയോഗിക്കാത്ത ഭൂമിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊല്ലക്കടവ് വികസന ഏരിയയിൽ വ്യവസായ വകുപ്പിനുകീഴിൽ ആകെ 16.22 ഏക്കർ വ്യവസായ ഭൂമിയുണ്ട്.

(ബി) ഇതിൽ 43 യൂണിറ്റുകൾക്കായി 13.91 ഏക്കർ വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്. പൊതുവായ ആവശ്യങ്ങൾക്കായി 1.83 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആകെയുള്ള 16.22 ഏക്കർ വ്യവസായ ഭൂമിയിൽ 3 പേർക്ക് നൽകിയ 48 സെന്റ് സ്ഥലം തിരിച്ചെടുത്ത് റീ അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ് യൂണിറ്റ്

205 (572) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ് യൂണിറ്റിലെ (എസ്.ഐ.എഫ്.എൽ.) എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം കാലോചിതമായി പരിഷ്കരിച്ചു നൽകുന്നതു സംബന്ധിച്ച ഫയലിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്നാണ് എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് കേഡറിലുള്ള വരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചു നൽകിയത് ;

(സി) വർഷങ്ങളായി ശമ്പളപരിഷ്കരണം ലഭിച്ചിട്ടില്ല എന്നതു കണക്കിലെടുത്ത് എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച നിർദ്ദേശം മന്ത്രിസഭാ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 11-5-2007-ലെ സ.ഉ.(എംഎസ്.) നമ്പർ 61/07/വ്യവ പ്രകാരമാണ് എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളം, ഉത്തരവുതീയതി മുതൽ 5 വർഷത്തേയ്ക്ക് പരിഷ്കരിച്ച് നൽകിയത്.

(സി) എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളം അടിയന്തരമായി പരിഷ്കരിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു..

വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

206 (573) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾ നിലവിൽ നഷ്ടത്തിലായിട്ടുണ്ട് ; ആയതിന്റെ പേരുവിവരങ്ങൾ പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly